**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **12-12-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾ നേരിടുന്ന ആക്രമണം നേരിടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും സംരക്ഷണമൊരുക്കുന്നതിന് പോലീസിന്റെ ഇടപെടലും ഘടനയും മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റും സംരക്ഷണം ഒരുക്കുന്നതിനായി ജനമൈത്രി പദ്ധതിയുടെ ഭാഗമായി ഗൃഹ സന്ദർശനങ്ങൾ നടത്തി അവർക്ക് വേണ്ട എല്ലാവിധ സഹായങ്ങളും നൽകി വരുന്നതോടൊപ്പം അവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചാലുടൻ തന്നെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം വേഗത്തിൽ നടത്തി കുറ്റപത്രം സമർപ്പിച്ചു വരുന്നു. കൂടാതെ ഈ ലക്ഷ്യം മുൻ നിർത്തി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ് ഡെസ്ക് ഏർപ്പെടുത്തിയുള്ളതുമാണ്. ഇതിനു പുറമെ പിങ്ക് പോലീസ്, അപരാജിത, Domestic Conflict Resolution Centre, നിർഭയ പദ്ധതി, നിർഭയം ആപ്പ്, കിഡ്സ് ഗ്ലൗ, ഹോപ്പ് തുടങ്ങിയ സംവിധാ നങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനം തുടങ്ങിയവ സംബന്ധിച്ചുള്ള പരാതികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്ന തിനായി 'അപരാജിത' എന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്. വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾക്കായി Elder Help Line സാമൂഹ്യ ക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ പോലീസ് സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന പൗരന്മാർക്കായി CARE, Senior Citizen Help Desk എന്നീ സംവിധാനങ്ങൾ വഴി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജനമൈത്രി ബീറ്റ് സംവിധാനം വഴി ഒറ്റക്കു താമസിക്കുന്ന വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഇവർക്ക് ആവശ്യമായ സുരക്ഷ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദുർബല വിഭാഗങ്ങൾ അധിവസിക്കുന്ന മേഖലകളിൽ ട്രൈബൽ |

| | | | |
|---|---|---|---|
| | | | ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ അവർക്ക് വേണ്ട ബോധവൽക്കരണ ക്ലാസ്സുകളും മറ്റു സഹായങ്ങളും നൽകിവരുന്നു |
| (ബി) | പൊതുസ്ഥലങ്ങളിലും സൈബറിടങ്ങളിലും സ്വന്തം ഭവനങ്ങളിലും സ്ത്രീകൾ ആക്രമണം നേരിടുന്നതിനാൽ ആയത് ഫലപ്രദമായി നേരിടാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, വനിതാ സെല്ലുകളിലെ കൗൺസിലിംഗ് സംവിധാനം, സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങളിൽ എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന പ്രത്യേക പരിശീലനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 9497996992 എന്ന നമ്പരിലും പരാതി നൽകുന്നതിനായുള്ള പ്രത്യേക സംവിധാനം, നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിലേയ്ക്ക് സന്ദേശം അയയ്ക്കാനുള്ള സംവിധാനം, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം,ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ, ഹെൽപ്പ് ഡെസ്ക് തുടങ്ങിയവ, സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള Self Defence പദ്ധതി, പോലീസിന്റെ ടോൾ ഫ്രീ നമ്പറുകളിൽ പോലീസ് സഹായം തേടാനുള്ള സംവിധാനം, Domestic Conflict Resolution Centre (DCRC), നിർഭയം ആപ്പ്, സോഷ്യൽ മീഡിയയിലെ ദുരുപയോഗം തടയുന്നതിനായി പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, വിഷ്വൽ മീഡിയ എന്നിവയുടെ സഹായത്തോടുകൂടി വീഡിയോകളും മറ്റും പ്രചരിപ്പിച്ച് നടത്തുന്ന ബോധവൽക്കരണം, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾ കൂടി സ്ഥാപിച്ചത്, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ നിയമമനുസരിച്ച് ശക്തമായ നിയമ നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന സ്ത്രീകളോടും കുട്ടികളോടും പോലീസുകാർ അപമര്യാദയായി പെരുമാറുകയും അവരെ ചൂഷണം ചെയ്യുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | പലവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങളോടും ജനപ്രതിനിധികളോടും പൊതുപ്രവർത്തകരോടും മാന്യമായി പെരുമാറുക എന്നത് അതീവ പ്രാധാന്യമുള്ള കാര്യമാണ്. അതോടൊപ്പം സ്റ്റേഷന് പുറത്തും വാഹന പരിശോധനാ ഘട്ടത്തിലും ആളുകളോട് മാന്യമായി പെരുമാറുന്ന രീതിയുണ്ടാകണം. അതോടൊപ്പം ജനങ്ങൾക്ക് സഹായം ആവശ്യമാകുന്ന ഘട്ടങ്ങളിലെല്ലാം അവരോടൊപ്പം ചേർന്നുനിൽക്കുന്ന സേനയായി പ്രവർത്തിക്കുകയും വേണം. ഇതിന് വിരുദ്ധമായ പ്രവർത്തനങ്ങൾ ഉണ്ടായ ഘട്ടത്തിലെല്ലാം അതിനെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇക്കാരണത്താൽ ഇത്തരം സംഭവങ്ങൾ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. |
| (ഡി) | പോലീസ് സ്റ്റേഷനിൽ എത്തുന്ന സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്ത കേസുകളിൽ നിന്നും രക്ഷപ്പെടാൻ പോലീസുകാർ വ്യാജ രേഖയുണ്ടാക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ പരാതിക്കാരി പ്രസ്തുത സ്റ്റേഷനിലെ സി.ഐ.ക്കെതിരെ കേസ് കൊടുക്കുമെന്ന ധാരണയിൽ അതിനെ പ്രതിരോധിക്കാൻ ടി സ്റ്റേഷനിലെ റൈറ്ററിൽ നിന്നും പരാതിക്കാരിക്കെതിരെ റിപ്പോർട്ട് എഴുതി വാങ്ങിയതായി ശ്രദ്ധയിൽപ്പെടുകയും ടി ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ഇ) | വനിതാ ഡോക്ടറെ പീഡിപ്പിച്ച കേസിൽ പ്രതിയായിരുന്ന മലയിൻകീഴ് സർക്കിൾ ഇൻസ്പെക്ടറെ സർക്കാർ സംരക്ഷിച്ചിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഇ) | മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ പരാതിക്കാരി പ്രസ്തുത സ്റ്റേഷനിലെ സി.ഐ.ക്കെതിരെ കേസ് കൊടുക്കുമെന്ന ധാരണയിൽ അതിനെ പ്രതിരോധിക്കാൻ ടി സ്റ്റേഷനിലെ റൈറ്ററിൽ നിന്നും പരാതിക്കാരിക്കെതിരെ റിപ്പോർട്ട് എഴുതി വാങ്ങിയതായി ശ്രദ്ധയിൽപ്പെടുകയും ടി ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (എഫ്) | സമാനമായ സംഭവങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | നിയമവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യാതിരിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമ നടപടികളും ശക്തമായ വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ